II. അടിയന്തിര പ്രമേയം

കോഴിക്കോട് ചേവായൂർ വൃന്ദാവൻ കോളനിയിലെ അബ്ദുൾ കരീമിന്റെ കൊലപാതകം

മി. സ്പീക്കർ : വൈത്തിരിയിലെ റിസോർട്ട് ഉടമ കോഴിക്കോട് ചേവായൂർ വൃന്ദാവൻ കോളനിയിലെ അറക്കൽ അബ്ദുൽ കരീമിനെ കഴിഞ്ഞ ഞായറാഴ്ച പുലർച്ചെ താമരശ്ശേരി ചുരത്തിൽ വച്ച് വാഹനം തടഞ്ഞുനിർത്തി കൊലപ്പെടുത്തി മൃതദേഹം തൊട്ടടുത്തുള്ള റബ്ബർ എസ്റ്റേറ്റിൽ വലിച്ചെറിഞ്ഞ നിലയിൽ കാണപ്പെട്ടതിനെത്തുടർന്ന് ഉളവായിരിക്കുന്ന സ്ഥിതിവിശേഷം സംബന്ധിച്ച് സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സർവ്വശ്രീ. ബിനോയ് വിശ്വം, ടി. പി. രാമകൃഷ്ണൻ, സി. കെ. നാണു, പി. സി. ജോർജ്, എ. എ. അസീസ്, എ. സി. ഷൺമുഖദാസ്, ഡോ. കെ. സി. ജോസഫ് എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്. അവസാനത്തെ സെഷൻ ആയതുകൊണ്ട് ഞാൻ അതിന്റെ സാങ്കേതികത്വത്തിലേക്ക് കടക്കുന്നില്ല. ചുരുക്കി സംസാരിക്കണം.

9-30 A. M.]

മുഖ്യമന്ത്രിക്കുവേണ്ടി ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ) : സർ, കോഴിക്കോട് ചേവായൂർ വൃന്ദാവൻ കോളനിയിൽ താമസിച്ചിരുന്നതും വൈത്തിരി റിസോർട്ട് ഉടമയുമായ അറക്കൽ അബ്ദുൾ കരീമിനെ കൊല ചെയ്യപ്പെട്ട നിലയിൽ വയനാട് ചുരത്തിൽ 11-2-2006-ന് കാണപ്പെട്ടു. ഇക്കാര്യത്തിൽ ക്രൈം 55/06-ാം നമ്പരായി ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. 11-2-2006-ന് ബത്തേരിയിൽ പോയി മടങ്ങി വരുന്ന വഴിക്ക് രാത്രി 9-30 മണിയോടുകൂടി അറക്കൽ അബ്ദുൾ കരീമും ഡ്രൈവർ ശിവനും സഞ്ചരിച്ചിരുന്ന ക്വാളിസ് കാറിനെ മറ്റൊരു കാറിൽ വന്നവർ തടഞ്ഞുനിർത്തി കാറിന്റെ ചില്ലുകൾ അടിച്ചു പൊട്ടിക്കുകയും കാറിൽ ഉണ്ടായിരുന്ന അഞ്ചുപേർ അറക്കൽ അബ്ദുൾ കരീമിനെയും ഡ്രൈവറെയും ബന്ദികളാക്കി കാർ ബലമായി തട്ടിയെടുത്ത് ഓടിച്ചു പോവുകയും ചെയ്തു. തുടർന്ന് പോത്തുണ്ടി എന്ന സ്ഥലത്ത് അദ്ദേഹത്തിന്റെ മൃതദേഹം പിറ്റേ ദിവസം കാണപ്പെട്ടു. മേല്പടിയാന്റെ വാഹനം ചിപ്പിലിത്തോടിനടുത്ത് ഉപേക്ഷിക്കപ്പെട്ട നിലയിൽ കണ്ടെത്തി. മരണപ്പെട്ട അറക്കൽ അബ്ദുൾ കരീമിന്റെ സ്ഥലം ബാബു വർഗ്ഗീസ്, കൃഷ്ണമൂർത്തി എന്നിവർക്ക് റിസോർട്ട് നടത്താനായി പാട്ടത്തിന് കൊടുത്തിരുന്നതു സംബന്ധിച്ച് ഇവർ തമ്മിൽ തർക്കവും കേസ്സുകളും നിലവിലുണ്ട്. ഈ കൊലക്കേസ് അന്വേഷിക്കുന്നതിനായി താമരശ്ശേരി സി.ഐ.-യുടെ നേതൃത്വത്തിൽ പ്രത്യേക സ്പെഷ്യൽ സ്ക്വാഡ് രൂപീകരിച്ച്, സംഭവത്തിന്റെ എല്ലാ വശങ്ങളെയും കുറിച്ച് ഊർജ്ജിതമായി അന്വേഷിച്ചുവരുന്നു. ഈ വിഷയം സഭാനടപടികൾ നിറുത്തിവച്ച് ചർച്ചചെയ്യേണ്ട എന്ത് കാര്യമാണുള്ളതെന്ന് എനിക്ക് തീരെ മനസ്സിലാകുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ബിനോയ് വിശ്വം : ബഹുമാനപ്പെട്ട സ്പീക്കർ, ആഭ്യന്തര വകുപ്പിന്റെ ചുമതലയുള്ള ധനകാര്യവും എക്സൈസും വകുപ്പ് മന്ത്രിയുടെ മറുപടി എന്നെ ദുഃഖിപ്പിക്കുന്നു, അമ്പരപ്പിക്കുന്നു. ഈ ഒരു കാര്യത്തെപ്പറ്റി എത്ര ലാഘവത്തോടു കൂടിയാണ് അദ്ദേഹം പറഞ്ഞത് ; മരണം ഒത്തിരിയുണ്ടാകുന്നുണ്ട്. ഇന്നും ഉണ്ടാകും നാളേയും ഉണ്ടാകും. പക്ഷേ, ഈ മരണം ഒരു സാധാരണ മരണമല്ല. മരിച്ച ആളെപ്പറ്റി അധികമൊന്നും എനിക്കറിയില്ല. അദ്ദേഹത്തിന്റെ പേര് അറക്കൽ അബ്ദുൾ കരീമാണ് എന്നറിയാം. അദ്ദേഹത്തിന്റെ വീട് കോഴിക്കോട് നഗരത്തിൽ ചേവായൂരിലെ വൃന്ദാവൻ കോളനിയിലാണ്. 51 വയസ്സുണ്ട്. ഭാര്യയും കുട്ടിയുമുണ്ട്. ഞാൻ മനസ്സിലാക്കിയിടത്തോളം അദ്ദേഹം നേരാംവണ്ണം ജീവിക്കുന്ന ഒരു ബിസിനസ്സുകാരനാണ്. ഇത്രയും എനിക്കറിയാം. ടൂറിസം രംഗത്ത് മുതൽ മുടക്കാനും സംരംഭങ്ങൾ ആരംഭിക്കാനും മുൻകൈ എടുത്ത ആളാണെന്ന് ഞാൻ മനസ്സിലാക്കിയിട്ടുണ്ട്. അദ്ദേഹമാണ് വയനാടിന്റെ അചുംബിതമായ പ്രകൃതി ഭംഗിയെപ്പറ്റി ചിന്തിക്കുകയും അവിടെ റിസോർട്ടിനുവേണ്ടി പ്രവർത്തനം ആരംഭിക്കുകയും ചെയ്തത്. അദ്ദേഹം അവിടെ ഗ്രീൻ മാജിക് നാച്ചറൽ റിസോർട്ടെന്ന പേരിൽ ടൂറിസം അട്രാക്ഷനുള്ള ഒരു കേന്ദ്രം തുടങ്ങുകയുമുണ്ടായി. മരത്തിന്റെ മുകളിലാണത്രേ വീടിനുള്ള സൗകര്യങ്ങളെല്ലാം ഒരുക്കിയിരിക്കുന്നത്. അങ്ങനെ ഇമാജിനേറ്റീവായി, ടൂറിസത്തിന്റെ സാദ്ധ്യതകളെല്ലാം മനസ്സിലാക്കാൻ ശ്രമിച്ച ആളെന്നുള്ള പരിഗണന അദ്ദേഹത്തിന് കൊടുക്കേണ്ടതാണെന്ന് ഞാൻ മനസ്സിലാക്കുന്നു. ഇവിടെ ബഹുമാനപ്പെട്ട മന്ത്രി എന്തോ തർക്കത്തെക്കുറിച്ച് പറഞ്ഞു. അതിനെപ്പറ്റി എനിക്കറിയില്ല. അത് ഗവൺമെന്റും പോലീസും നോക്കട്ടെ. പ്രശ്നം അതല്ല. തർക്കത്തിൽ കക്ഷിയായ ഒരാൾ, രാത്രി 9.30-ന് സ്വന്തം വീട്ടിലേക്ക് കാറിൽ മടങ്ങുമ്പോൾ, ആ ആളെ പിറകെ ചെന്ന് ഒരു കൂട്ടം ആളുകൾ തടഞ്ഞു നിർത്തി, വാഹനം തട്ടിക്കൊണ്ടുപോയി, കൊല ചെയ്ത് അടുത്തുകാണുന്ന ഒരു റബ്ബർ തോട്ടത്തിൽ ഉപേക്ഷിച്ചിട്ടു പോയിരിക്കുകയാണ്. കൊച്ചു കാര്യമാണോ അത് ? വാടകക്കൊലയാളികളാണ് ഇത് ചെയ്തതെന്നാണ് അവിടെ എല്ലാവരും സംസാരിക്കുന്നത്. തലസ്ഥാന നഗരിയിൽ അതൊരു പുതിയ വാർത്തയല്ല. ഇവിടെ വാടകക്കൊലയാളികൾ അഴിഞ്ഞാടുകയാണ്. കൊച്ചിയിൽ അവർക്ക് ക്ഷാമമൊന്നുമില്ല. അധോലോകത്തിന്റെ കൈകളിലാണ് ഇന്ന് ക്രമസമാധാനമെല്ലാം ഏൽപ്പിക്കപ്പെട്ടിരിക്കുന്നത്. പക്ഷേ ഉത്തര കേരളത്തിൽ, മലബാറിൽ, കോഴിക്കോട് ഭാഗത്ത് ആദ്യമായിട്ടാണ് ഒരു വാടക കൊലയാളി സംഘം വന്ന് ഒരാളെ ഇതുപോലെ കൊലചെയ്യുന്നത്. അതൊരു കൊച്ചുകാര്യമല്ല. വാടകക്കൊലയാളി സംഘത്തിന്റെ അരങ്ങേറ്റമാണ് വാസ്തവത്തിൽ എന്നെ ഭയപ്പെടുത്തുന്നത്, എന്നെ അമ്പരപ്പിക്കുന്നത്. സ്വസ്ഥമായി, സൈരമായി, ജീവിക്കാൻ കൊതിക്കുന്ന ലക്ഷക്കണക്കായ മനുഷ്യരുടെയും ജീവിക്കാനുള്ള അവകാശത്തെപ്പോലും വെല്ലുവിളിക്കത്തക്കവിധത്തിൽ അധോലോകം നിയന്ത്രിക്കുന്ന വാടകക്കൊലയാളി സംഘങ്ങൾ മലബാറിലും എത്തിയിരിക്കുകയാണ്. അവരുടെ കൊലപാതകശ്രമത്തിന് ഇരയായിട്ടാണ് ഞാൻ കരീമിന്റെ മരണത്തെ കാണുന്നത്. മന്ത്രി പറഞ്ഞത് ഒരു കൊച്ചുകാര്യം പോലെയാണ്. ഇവിടത്തെ സി. ഐ. അന്വേഷിക്കുന്നുണ്ട് ; ക്രൈം നമ്പർ ഇതാണ്. ഇങ്ങനെയൊന്നും പറഞ്ഞ് ഇതിനെ അവഗണിക്കാൻ എനിക്കാവില്ല. ഞായറാഴ്ചയാണ് ഈ സംഭവമുണ്ടായത്. ഇന്ന് ചൊവ്വാഴ്ചയാണ്. ഇതുവരെയും പ്രതികളെപ്പറ്റി കൃത്യമായ വിവരമൊന്നും

LIBRARY ARCHIVES Kerala Legislative Assembly

അറിയാൻ കഴിഞ്ഞിട്ടില്ല. ഗൗരവമായി നീങ്ങിയില്ലെങ്കിൽ, ഈ കൊലയുടെ പുറകിലുള്ള സത്യം ഒരിക്കലും പുറത്തുവരില്ല. നമ്മളെല്ലാം കാണേണ്ട ഗൗരവമായ വേറൊരു വിഷയം കൂടിയുണ്ട്. ടൂറിസം മേഖലയുടെ വളർച്ചയെപ്പറ്റി ഇപ്പോൾ പറഞ്ഞു കഴിഞ്ഞതേയുള്ളൂ. കേന്ദ്ര ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് 48 കോടി രൂപയുടെ സഹായം വാങ്ങി, ടൂറിസം രംഗത്ത് സംസ്ഥാന ഗവൺമെന്റ് അത്ഭുതങ്ങൾ സൃഷ്ടിക്കാൻ ശ്രമിക്കുകയാണ് എന്ന് പറയുകയുണ്ടായി. ടൂറിസം മേഖലയിൽ ഇതുപോലുള്ള ചക്കളത്തി പോരാട്ടങ്ങളും കൂട്ടക്കൊലപാതകങ്ങളും അധോലോക വാഴ്ചകളുമെല്ലാം അരങ്ങേറിയാൽ ടൂറിസം മേഖല തകർന്നുപോകും. കേരളത്തിൽ ടൂറിസത്തിന് വലിയ സാധ്യതകളുണ്ട്. കേരളത്തിന്റെ ടൂറിസം മേഖലയിലേക്ക് ഇതുപോലെ കൊള്ളക്കാരെയും കൊലയാളികളെയും അധോലോക വീരന്മാരെയും കയറൂരി വിട്ടാൽ ടൂറിസത്തിന്റെ എല്ലാ ഭാവിയും അപകടത്തിലാകും. ടൂറിസത്തിന്റെ പ്രശ്നം മാത്രമല്ല. മനുഷ്യന്റെ ജീവൻ, അവന്റെ ഭദ്രത, സൈ്വരം, സമാധാനം എന്നിവയെപ്പറ്റിയെല്ലാം നമ്മൾ അറിയണം. കോഴിക്കോട് ഒരു വീട്ടിൽ ഭാര്യയും, മകളും ഒന്നുമറിയാതെ കാത്തിരിക്കുകയാണ്. അവരുടെ ഭർത്താവിനെ, അച്ഛനെ ഇതുപോലെ എന്തിനാണ് കൊല ചെയ്തതെന്നറിയാതെ അവർ തേങ്ങുകയാണ്. സ്വസ്ഥമായി വീട്ടിൽ കിടന്നുറങ്ങാൻ കഴിയാത്ത വിധത്തിൽ, യാത്ര ചെയ്യാൻ പോലും ആകാത്ത വിധത്തിൽ, ഒരാളുടെ ജീവനുമേൽ നിരന്തരമായ ആപൽഭീഷണി ഉള്ളപ്പോൾ, നമുക്ക് നിസ്സംഗം ഇത് കണ്ടുകൊണ്ടിരിക്കാൻ കഴിയുമോ? നമ്മുടെയെല്ലാം ജീവനുമേൽ ഇതുപോലുള്ള ഭീഷണിയുടെ വാൾ തൂങ്ങിക്കിടപ്പുണ്ട്. അധോലോക വാഴ്ചയ്ക്ക് അന്ത്യം ഉണ്ടാകണം. വാടകക്കൊലയാളികളിൽ നിന്ന് നമുക്കെല്ലാവർക്കും ഭദ്രത വേണം. ഈ പോക്ക് ഇങ്ങനെ പോയാൽ ശരിയാവുകയില്ല; ഇത് എല്ലാവരെയും ബാധിക്കും. ഒരു ഡ്രൈവറുമായി കാറിൽ പോയാൽ ആ കാറിനെ തടഞ്ഞുനിർത്തി ആളെ കൊല്ലാൻ വന്നാൽ എന്തുചെയ്യും? ഈ പോക്കിന് അന്ത്യം ഉണ്ടാകുമോ? ഇക്കാര്യത്തിൽ പോലീസിന് ഒരു നിലപാട് വേണ്ടേ? ഗവൺമെന്റിന് നിലപാടു വേണ്ടേ? കോഴിക്കോട് നഗരം കൊലയാളികളാണ് ഭരിക്കുന്നത്. ഒരു സി.ഐ. കൈക്കൂലി വാങ്ങി, കയ്യോടെ പിടികൂടി. ഒരു ഡിവൈ.എസ്.പി. പാവപ്പെട്ട ഒരു ചെറുപ്പക്കാരനെ വെട്ടിമുറിച്ച് കുഴിച്ചുമൂടി. ഇതെല്ലാമുണ്ടായ കേരളത്തിൽ, കൊലപാതകികളുടെ അഴിഞ്ഞാട്ടത്തിനുമുമ്പിൽ പോലീസിന് നിസ്സംഗമായിരിക്കാൻ കഴിയുമോ? മാന്യമായി ജീവിക്കാൻ, മനുഷ്യന്റെ സ്വത്തിനും ജീവനും ഉറപ്പുകൊടുക്കാൻ കഴിയാത്തവിധം കേരളത്തിൽ ക്രമസമാധാന നിലയാകെ തകർന്നിരിക്കുകയാണ്. ഇന്നലെ ഇവിടെ കേട്ടത് ആര്യനാട് സത്യന്റെ കാര്യമാണ്. പാവം തൊഴിലാളി! ഒരു തൊഴിലാളിക്കും മുതലാളിക്കും രക്ഷയില്ല. ആർക്കും ജീവിക്കാനാകാത്ത വിധത്തിൽ നാടിന്റെ സൈ്വരവും, ക്രമസമാധാനവുമെല്ലാം അപകടത്തിലാണ്. അപ്പോൾ മന്ത്രി ഇത്രമാത്രം പറയാൻ ഉണ്ടോ, അടിയന്തിര പ്രമേയത്തിന് ഇതിനകത്ത് വകുപ്പുണ്ടോ എന്നൊക്കെ ചോദിച്ചാൽ നമ്മൾ എന്താണ് പറയേണ്ടത്? ഇത് ഗൗരവമായ കാര്യമല്ലേ? ഇവിടെ മനുഷ്യന് ജീവിക്കണ്ടേ? ജീവിക്കാൻ, തൊഴിൽ ചെയ്യാൻ, മുന്നോട്ടുപോകാൻ, കുടുംബം നോക്കാൻ എല്ലാത്തിനുമുള്ള മനുഷ്യന്റെ അവകാശങ്ങളെ മുഴുവൻ വെല്ലുവിളിക്കത്തക്ക വിധം, കറുത്ത ശക്തികൾ അഴിഞ്ഞാടുമ്പോൾ ഒരു ഗവൺമെന്റ് അവർക്ക് മുമ്പിൽ

LIBRARY ARCHIVES Kerala Legislative Assembly

പച്ചച്ചിരിയുമായി നിൽക്കുകയാണ്. ഗവൺമെന്റിന്റെ ഈ മനോഭാവത്തിനോട് സഭയ്ക്ക് അമർഷമുണ്ട്. ഇത് നിസ്സാരമായി കാണേണ്ട കാര്യമല്ല. ഇതുപോലെ കൂട്ടമരണങ്ങളുടെ അവസ്ഥയുണ്ടാകുംവിധത്തിൽ കാര്യങ്ങൾ നീങ്ങുമ്പോൾ, അടിയന്തിരമായും സഭാനടപടികൾ നിറുത്തിവച്ചുകൊണ്ട് ചർച്ച ചെയ്യേണ്ട വിഷയമായി ഞാൻ ഇതിനെ കാണുകയാണ്. അദ്ദേഹത്തിന്റെ ഘാതകർ ആരാണ് ? വാടകക്കൊലയാളികൾ ആരാണ് ? ഒരാളിനെ കൊല്ലാനുള്ള അവരുടെ റേറ്റ് എത്രയാണ് ? വില പറഞ്ഞാണ് ഇപ്പോൾ ആളുക്കളെ കൊല്ലുന്നത്. ഈ വാടകക്കൊലപാതക സംഘത്തിന്റെ വായിലേക്ക് നമ്മുടെ നാടിനെ എറിഞ്ഞുകൊടുക്കാൻ പാടില്ല. അതുകൊണ്ട് ഞാൻ അഭ്യർത്ഥിക്കുകയാണ്; അങ്ങ് നിർദ്ദേശം കൊടുക്കണം. മറ്റ് സഭാനടപടികൾ നിറുത്തി വച്ചുകൊണ്ട് ഈ വിഷയം ചർച്ചയ്ക്ക് എടുക്കണമെന്നാണ് എന്റെ അഭ്യർത്ഥന.

ശ്രീ. സി. മോയിൻകുട്ടി : സർ, അറക്കൽ അബ്ദുൾ കരീം എന്ന് പറയുന്ന ടൂറിസ്റ്റ് ഹോട്ടൽ ഉടമ കൊല ചെയ്യപ്പെട്ടതും അദ്ദേഹത്തിന്റെ മൃതദേഹം വലിച്ചെറിയപ്പെട്ടതും എന്റെ മണ്ഡലത്തിൽ വച്ചാണ്. ഞാൻ നിരന്തരം പോലീസുമായി ബന്ധപ്പെട്ടപ്പോൾ, എല്ലാ തെളിവുകളോടുംകൂടി രണ്ട് ദിവസത്തിനകം പ്രതികൾ പിടിയിലാകുമെന്നാണ് അറിയാൻ സാധിച്ചത്. അതുകൊണ്ടാണോ ബഹുമാനപ്പെട്ട ബിനോയ് വിശ്വത്തിന് ഇത്ര അമ്പരപ്പ് എന്ന് എനിക്ക് അറിയില്ല. ഏതായാലും പോലീസ് നേരായ മാർഗ്ഗത്തിലാണ്. ബഹുമാനപ്പെട്ട സ്പീക്കർ ഇവിടെ നിർദ്ദേശം കൊടുക്കേണ്ടത്, പ്രതികളെ പിടിക്കുന്നതുവരെ ഇപ്പോൾ അന്വേഷണം നടത്തുന്ന ഡി.വൈ.എസ്.പി.യേയും പോലീസുകാരെയും അന്വേഷണം തുടർന്ന് നടത്തുവാൻ അനുവദിക്കണമെന്നാണ്. പോലീസിന്റെ ചാർജ് വഹിക്കുന്ന ബഹുമാനപ്പെട്ട മന്ത്രിയോട് എനിക്ക് പറയാനുള്ളത്, ഡി.വൈ.എസ്.പി.യേയും സി.ഐ.യേയും അന്വേഷണം പൂർത്തിയാകുന്നതുവരെ അവിടെ തുടരാനും തെളിവ് കണ്ടെത്താനും, വാടക കൊലയാളികളെ കണ്ടെത്താനും അവിടെത്തന്നെ കർശനമായി നിയോഗിക്കണമെന്നാണ്.

മുഖ്യമന്ത്രിക്കുവേണ്ടി ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ) : സർ, ഇതൊരു കൊലപാതകമാണ്. ഒരാളിന്റെ കൊലപാതകമാണെങ്കിലും അത് ഗൗരവത്തോടുകൂടി കാണേണ്ടതാണ്. കൊലപാതകങ്ങൾ നടക്കാൻ പാടില്ല. ഗവൺമെന്റ് അതിനെപ്പറ്റി കാര്യമായി അന്വേഷണം നടത്തണം. ഇക്കാര്യത്തെ സംബന്ധിച്ചും ഗൗരവമായിട്ടുതന്നെ ഗവൺമെന്റ് അന്വേഷിക്കുന്നുണ്ട്. അതേയവസരത്തിൽ ശ്രീ. ബിനോയ് വിശ്വം പറഞ്ഞതുപോലെ ടൂറിസത്തെ തകർക്കാൻവേണ്ടി ആരും ചെയ്തതാണെന്ന് ഞാൻ വിശ്വസിക്കുന്നില്ല. വിരോധംകൊണ്ട് ചെയ്തതാണെങ്കിൽത്തന്നെയും അദ്ദേഹം വിവരിച്ച ഭയങ്കരമായ സ്ഥിതിവിശേഷമൊന്നുമല്ല ഈ കേസിലുള്ളത്. ഏതായാലും വളരെ പ്രത്യേകമായ ശ്രദ്ധ കേന്ദ്രീകരിച്ചുകൊണ്ട് ഇതിൽ അന്വേഷണം നടത്തിക്കൊണ്ടിരിക്കുകയാണ്. വളരെ പെട്ടെന്ന് തെളിവുകൾ കിട്ടുമെന്നുതന്നെയാണ് ഗവൺമെന്റിന് അറിവ് ലഭിച്ചിട്ടുള്ളത്. ഈ കേസിന്റെ സത്യാവസ്ഥ കണ്ടുപിടിച്ച് നടപടികൾ സ്വീകരിക്കുന്നതിന് ഗവൺമെന്റ് പ്രത്യേക നിർദ്ദേശം കൊടുക്കാം. ഇതൊരു സബ്മിഷനായി പറഞ്ഞെങ്കിൽ സഭയുടെ സമയം കളയാതിരിക്കാമായിരുന്നു

LIBRARY ARCHIVES Kerala Legislative Assembly

എന്ന് മാത്രമേ എനിക്ക് പറയാനുള്ളൂ. സഭാനടപടികൾ നിറുത്തിവച്ച് ഈ വിഷയം ചർച്ച ചെയ്യേണ്ട കാര്യമില്ല.

മി. സ്പീക്കർ : മന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തിര പ്രമേയത്തിനുള്ള അവതരണാനുമതി നിഷേധിച്ചിരിക്കുന്നു.

(അടിയന്തിര പ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

III. ശ്രദ്ധക്ഷണിക്കൽ

(1) കരിങ്കൽ ക്വാറികളുടെ പ്രവർത്തനങ്ങളിൽ ഉണ്ടായിരിക്കുന്ന പ്രതിസന്ധി

ശ്രീ. ടി. പി. രാമകൃഷ്ണൻ : സർ, കേരളത്തിൽ പ്രത്യക്ഷമായും പരോക്ഷമായും കരിങ്കൽ ക്വാറികളിൽ ജോലി ചെയ്യുന്ന രണ്ടര ലക്ഷത്തോളം തൊഴിലാളികളുണ്ട്. അത്രയേറെ പ്രധാനപ്പെട്ട ഒരു മേഖലയാണ് കരിങ്കൽ ക്വാറി. ആയിരക്കണക്കിന് ചെറുകിട-ഇടത്തര ഉടമകളും ഈ രംഗത്തുണ്ട്. പെർമിറ്റ് ഫീസായി കോടിക്കണക്കിന് രൂപ സർക്കാരിന് ഈ മേഖലയിലൂടെ വരുമാനം ലഭിക്കുന്നുണ്ട്. കരിങ്കൽ ഖനനത്തിന് ജിയോളജിക്കൽ പെർമിറ്റ് ആവശ്യമാണ്. വൻകിട-ഇടത്തര ക്വാറികളിലെല്ലാം ഒരേ ഫീസാണ് ഈടാക്കിവരുന്നത്. ഇക്കാര്യത്തിൽ ഗവൺമെന്റ് ഭാഗത്തുനിന്ന് ഗൗരവതരമായ ഒരു പുനഃപരിശോധന ആവശ്യമാണ്. ക്വാറികളുടെ തരാതരം പരിശോധിച്ച് പെർമിറ്റ് ഫീസ് നിർണ്ണയിക്കാനാവശ്യമായ നടപടിയുണ്ടാകണം. അതിന് വൻകിട-ഇടത്തര-ചെറുകിട എന്നീ നിലയിൽത്തന്നെ ക്വാറികളെ വേർതിരിക്കാനാവശ്യമായ നടപടികളാണ് ഇതുമായി ബന്ധപ്പെട്ടുണ്ടാകേണ്ടത്. ഇക്കാര്യം ഗൗരവതരമായ പരിശോധനയ്ക്ക് വിധേയമാക്കണം. ക്വാറികൾ നടത്താൻ സ്ഫോടക വസ്തുക്കൾ ആവശ്യമാണ്. സ്ഫോടക വസ്തുക്കൾ ഉപയോഗിക്കണമെങ്കിൽ എക്സ്പ്ലോസീവ് ലൈസൻസ് വേണം. എക്സ്പ്ലോസീവ് ലൈസൻസ് ലഭ്യമാകാൻ കേരളത്തിൽ ഒരു സംവിധാനവുമില്ല. ചെന്നൈയിലോ ബാംഗ്ലൂരിലോ ഉള്ള കേന്ദ്രത്തെ ആശ്രയിച്ച് മാത്രമേ എക്സ്പ്ലോസീവ് ലൈസൻസ് ലഭിക്കുകയുള്ളൂ. പലപ്പോഴും ചെറുകിട ഉടമകൾക്ക് നിരവധി കടമ്പകൾ കടക്കണമെന്നുള്ളതുകൊണ്ട് ഈ ലൈസൻസ് നേടാൻ കഴിയുന്നില്ല. എക്സ്പ്ലോസീവ് ലൈസൻസ് എടുക്കാനുള്ള സൗകര്യം കേരളത്തിൽത്തന്നെയുണ്ടാകുന്നതിന് കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്താനാവശ്യമായ നടപടി കേരള ഗവൺമെന്റ് സ്വീകരിക്കേണ്ടതുണ്ട്. വൻ തൊഴിൽ സാദ്ധ്യതയുള്ളതും നിർമ്മാണ വികസന രംഗത്ത് അത്യന്താപേക്ഷിതവുമായ കരിങ്കൽ ഖനനം നിയമ വിധേയമായി നടത്താൻ കഴിയത്തക്ക നിലയിൽ നിലവിലുള്ള നിയമ വ്യവസ്ഥയിൽ മാറ്റം വരുത്തണം. എല്ലാ ക്വാറികൾക്കും പെർമിറ്റ് നൽകുന്നതിനാവശ്യമായ നടപടിയാണ് സ്വീകരിക്കേണ്ടത്. കരിങ്കൽ ക്വാറികളിൽ ജോലി ചെയ്യുന്ന തൊഴിലാളികളുടെ സുരക്ഷിതത്വം ഉറപ്പുവരുത്തണം. തൊഴിൽ ഉടമകളുടെ ചെലവിൽ തൊഴിലാളികളെ ഇൻഷ്വർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കണം. തൊഴിലാളികളെ രജിസ്റ്റർ ചെയ്യുന്നതിനും അവരുടെ സേവന-വേതന വ്യവസ്ഥകൾ

LIBRARY ARCHIVES Kerala Legislative Assembly